**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 152** **29-01-2024 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര പോലീസ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പേരാമ്പ്ര പോലീസ് സ്റ്റേഷൻ കെട്ടിടവും ക്വാർട്ടേഴ്സും ജീർണ്ണാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്. പേരാമ്പ്ര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിയിൽ നിന്നും ലഭിച്ച പ്ലാനും പ്രൊപ്പോസലും സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചു വരുന്നു. ജീർണ്ണാവസ്ഥയിലുള്ള പ്രസ്തുത ക്വാർട്ടേഴ്സുകൾ ലേലം ചെയ്ത് പൊളിച്ചു മാറ്റുന്നതിന് ആവശ്യമായ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷന് സംസ്ഥാന പോലീസ് മേധാവി കത്ത് നൽകിയിട്ടുണ്ട്.** |
| (ബി) | പോലീസ് സബ്ഡിവിഷൻ ഓഫീസ് ഉൾപ്പെടെ പുതിയകെട്ടിടം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | പേരാമ്പ്ര പോലീസ് സ്റ്റേഷൻ, ക്വാർട്ടേഴ്സ്, സബ് ഡിവിഷൻ ഓഫീസ് ഇവയെല്ലാം ഒരുമിച്ച് നിർമ്മിക്കുന്നതിന് ഒരു കോണ്ടൂർ സർവ്വെ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഒരു പ്ലാൻ അനുവദിച്ചു നൽകുവാൻ കോഴിക്കോട് **പൊതുമരാമത്ത് ബിൽഡിംഗ് ഡിവിഷൻ** ഓഫീസിലേക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ പ്ലാനുകൾ പ്രസ്തുത ഓഫീസിൽ നിന്നും ലഭിക്കാത്തതിനാൽ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് മാത്രമായുള്ള പ്ലാനും, എസ്റ്റിമേറ്റും കെ.പി.എച്ച്.സി.സി യിൽ നിന്നും വാങ്ങി ആയത് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി, പോലീസ് ആസ്ഥാനത്ത് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പേരാമ്പ്രയിലെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം അറ്റകുറ്റപണികൾ ചെയ്ത് ഒരു പൈതൃക സ്മാരകമായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പേരാമ്പ്ര പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം പൈതൃക സ്മാരകമായി മാറ്റുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ പോലീസ് മേധാവി, കോഴിക്കോട് റൂറൽ പേരാമ്പ്ര ഡി.വൈ.എസ്.പി ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ